ഭരണഭാഷ – മാതൃഭാഷ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ – ശ്രീ. ബി.റ്റി.വി. കൃഷ്ണൻ, ബി.ടെക്ക്)

<u>ഉത്തരവ് നമ്പർ : 37939/ബി1/2020/സിഇ തീയതി. 16/10/2020</u>

വിഷയം :- ജീവനക്കാര്യം – ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഈ കാര്യാലയത്തിലെ 16/10/2020-ലെ 37941/ബി1/2020/സി.ഇ നമ്പർ ഉത്തരവ്.
2. ഹെഡ് ക്ലാർക്ക് എൻ.സാനുവിന്റെ 03/09/2020-ലെ അപേക്ഷ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്കായ ശ്രീമതി.എസ്. ഷീജയെ, ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിയമിച്ചതിനാൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. സീനിയർ ക്ലാർക്കുമാരുടെ ഗ്രേഡേഷൻ ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറും തങ്കശ്ശേരി സബ് ഡിവിഷൻ കാര്യാലയത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീമതി.വി. ശ്രീരഞ്ജിനിക്കാണ് ടി തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥലമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മലപ്പുറം ഡിവിഷൻ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ.എൻ.സാനുവിനെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ നിലവിലുള്ള ഹെഡ് ക്ലാർക്കിന്റെ ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.
2. ഹാർബർ എഞ്ചിനീയറിംഗ് തങ്കശ്ശേരി സബ് ഡിവിഷൻ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. വി. ശ്രീരഞ്ജിനിയെ 27800-59400/- രൂപ ശമ്പളസ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി മലപ്പുറം ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. എൻ. സാനുവിനെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിക്കുന്നു.

ഒപ്പ്

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്,

എല്ലാ വ്യക്തികൾക്കും

(ആഫീസ് മേധാവി മുഖേന)

<u>പകർപ്പ്</u> : 1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണമേഖല തിരുവനന്തപുരം /ഉത്തരമേഖല, കോഴിക്കോട്.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കൊല്ലം/മലപ്പുറം
3. എ6 സെക്ഷൻ/സ്റ്റോക്ക് ഫയലിലേയ്ക്ക്/വെബ് സൈറ്റിലേയ്ക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T6/Pr